ഇലക്ട്രിസിറ്റി ബോർഡിലെ പട്ടികജാതിക്കാരായ ഉദ്യോഗസ്ഥൻമാർ

1369 [2221] ശ്രീ. പി. കരുണാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിലുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയർ മുതൽ മേലോട്ടുള്ള തസ്തികകളിൽ എത്ര പട്ടികജാതി/പട്ടികവർഗ്ഗ ഉദ്യോഗസ്ഥൻമാർ ഉണ്ട്;

(ബി) ഏതെല്ലാം തസ്തികകളിൽ; എത്രപേർ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ മുതൽ മേലോട്ടുള്ള തസ്തികകളിൽ പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗസ്ഥൻമാർ ആരും തന്നെയില്ല.

(സി) ഇപ്പോഴത്തെ പട്ടികജാതിയിൽപ്പെട്ട അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് സീനിയോറിറ്റി അനുസരിച്ച് ഉദ്യോഗക്കയറ്റം കിട്ടുമ്പോൾ അവർക്ക് എക്സിക്യൂട്ടീവ് എഞ்சിനീയർ മുതൽ മേലോട്ടുള്ള തസ്തികകളിൽ നിയമനം കിട്ടും.

கேரள மாநிலத்தில் தமிழ் மொழிச் சிறுப்பான்மையினரின் ஜனத்தொகை

Tamil Linguistic Minorities in Kerala

1370 [2223] ஸ்ரீ. என். கிட்டப்பநாராயணஸ்வாமி: கீழ்க்காணும் வினாக்களுக்கு முதல் மந்திரி தயைகூர்ந்து விடை நல்குவாரா:

(எ) நமது மாநிலத்தில் தமிழ் மொழிச் சிறுப்பான்மையினர் ஜனத்தொகை இப்பொழுது எவ்வளவு எனக்கூறலாமா;

(பி) எந்த மாவட்டத்தில் தமிழ் மொழிச் சிறுப்பான்மையினர் அதிகமாக இருக்கிறார்கள்;

(ஸி) எந்தெந்த பகுதிகளில் தமிழ் மொழிச் சிறுப்பான்மையினர் பகுதிகளாக (Linguistic Minorities Areas) அறிவிக்கப்பட்டுள்ளது என்றும் கூறலாமா?

Answer

(a) As per the 1971 Census the population of the Tamil Linguistic Minorities is 5,05,340.

(b) Idukki district (1,72,553).

(c) A list showing the Tamil Linguistic Minority areas is appended.†

എം.എൽ.എ. മാർക്ക് ക്വാർട്ടേഴ്സ് സൗകര്യം

1371 [2224] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

എം.എൽ.എ. മാരുടെ ഓഫീസ്കാര്യങ്ങൾ നോക്കുന്നതിന് ഗവൺമെൻറ് ചെലവിൽ ഓരോ ക്ലാർക്കുമാരെ നിയമിക്കുന്നതിന് ഗവൺമെൻറ് നടപടികൾ എടുക്കുമോ?

ഉത്തരം

എം.എൽ.എ. മാരുടെ ഓഫീസ് കാര്യങ്ങൾ നോക്കുന്നതിന് ഗവൺമെൻറു ചെലവിൽ ഓരോ ക്ലാർക്കുമാരെ നിയമിക്കേണ്ടതുണ്ടെന്ന് ഗവൺമെൻറു കരുതുന്നില്ല.

ഫോട്ടോഗ്രാഫർമാർക്ക് ഗ്രേഡ്

1372 [2225] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ഡിപ്പാർട്ടുമെൻറിലെ ഫോട്ടോഗ്രാഫർമാർക്കു ഗ്രേഡ് നൽകണമെന്ന പേ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശ ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പേ കമ്മീഷൻ റിപ്പോർട്ട് അതേപടി ഗവൺമെൻറ് അംഗീകരിച്ചിട്ടും പേ റിവിഷൻ ഓർഡറിൽ ഫോട്ടോഗ്രാഫർമാരുടെ ഗ്രേഡുകളെപ്പറ്റി പരാമർശിക്കാതിരുന്നതിൻെറ കാരണം വ്യക്തമാക്കാമോ;

(സി) ഫോട്ടോഗ്രാഫർമാരെപ്പറ്റി പേ കമ്മീഷനിൽ പറഞ്ഞിരുന്ന ശുപാർശകൾ നടപ്പിലാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഫോട്ടോഗ്രാഫർമാരുടെ ഗ്രേഡ് നടപ്പിലാക്കുന്നതിന് വിവിധ വകുപ്പുകളിൽ ജോലിചെയ്യുന്ന അറുപതോളം പേരുടെ സർവ്വീസിൻെറ വിശദാംശങ്ങൾ ശേഖരിക്കേണ്ടതുണ്ട്. അതിനുവേണ്ട നടപടികൾ പൊതുഭരണവകുപ്പിൽ പുരോഗമിച്ചുവരുന്നു.

(സി) നടപ്പിലാക്കാനുള്ള നടപടികൾ എടുത്തുവരുന്നു.

വിദ്യുച്ഛക്തി കണക്ഷൻ കിട്ടാൻ കാലതാമസം

1373 [2227] ശ്രീ. സി.എം. സുന്ദരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ല, പാലക്കാട് താലൂക്ക് മങ്കര വില്ലേജിൽ കണ്ണമ്പരിയാവാരം ദേശത്ത് കർഷകർക്ക് വീട്ടാവശ്യത്തിനും കൃഷിക്കും വിദ്യുച്ഛക്തി കണക്ഷൻ കിട്ടാൻ ആവശ്യപ്പെട്ട് 7 കൊല്ലം കഴിഞ്ഞിട്ടും അധികൃതർ അനാസ്ഥ കാണിക്കുന്നതും, 25.5.1978-ൽ ജില്ലാ വികസനസമിതി പ്രമേയം പാസ്സാക്കിയിട്ടും നടപടി എടുക്കാത്തതും ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന് അടിയന്തിര നടപടി ഗവൺമെൻറ് സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പറളി ഇലക്ട്രിക്കൽ സെക്ഷനിലെ വർക്കുകളിൽ മുൻഗണന അനുസരിച്ച് ഇത് രണ്ടാമതായി ഉൾപ്പെടുത്തിയിട്ടുണ്ട്. 39800 രൂപായുടെ എസ്റ്റിമേറ്റും അനുവദിച്ചിട്ടുണ്ട്. സാമഗ്രികൾ കിട്ടുന്നതിനനുസരിച്ച് ജോലികൾ പൂർത്തിയാക്കാനുള്ള നടപടികൾ എടുത്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly